(സി) കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ഇപ്പോൾ 45 % ഡി.എ. നൽകുന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 78 % ഡി.എ. നൽകുന്നു. ഡി.എ നിരക്കിലെ വ്യത്യാസം 33 % ആണ്.

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ടെർമിനൽ ലീവ് സറണ്ടർ സംവിധാനം നിലവിലുണ്ട്.

താൽക്കാലിക കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ലിസ്റ്റിൽ ചിലർ വിട്ടുപോയത് സംബന്ധിച്ച്

168 (765) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ 8 വർഷം പൂർത്തിയാക്കിയ താൽക്കാലിക കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ലിസ്റ്റിൽ ക്ലറിക്കൽ പിഴവുമൂലം ചിലർ വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വിശദമാക്കുമോ ;

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായി അന്വേഷണം നടത്തി വിട്ടുപോയവരുടെ പേരുകൾ കൂട്ടിച്ചേർത്ത് ഒരു സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. പ്രതിമാസ പെൻഷൻ വിതരണത്തിലെ കാലതാമസം

169 (766) ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ പ്രതിമാസ പെൻഷൻ വിതരണം യഥാസമയത്ത് നടക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെൻഷൻ വിതരണത്തിലെ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) കെ. എസ്. ആർ. ടി. സി.-യുടെ സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് പെൻഷൻ ബാധ്യത ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ എല്ലാ മാസവും അതാത് മാസത്തെ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly